>> മുഖക്കുറിപ്പ്

# സുപ്രധാനമായ ഒരു കോടതി വിധി

**പൗരന്റെ** ആത്മാഭിമാനം വ്യണപ്പെടുത്തിക്കൂടാ എന്നനുശാസിച്ചുകൊണ്ട് രാജ്യത്തെ പരമോന്നത നീതിപീഠം കഴിഞ്ഞ നവംബർ 12ന് പുറപ്പെടുവിച്ച വിധി ആധുനിക ഇന്ത്യൻ സാഹചര്യത്തിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നു. സുപ്രീംകോടതിയിലെ ജസ്റ്റിസ് അൽതമിശ് കബീറും ജസ്റ്റിസ് മാർക്കണ്ഡേയ കാട്ജൂവും ഉൾപ്പെട്ട ബഞ്ചിന്റെ ഈ വിധി അഭിമാന സംരക്ഷണത്തെ മൗലികാവകാശമായി അംഗീകരിച്ചിരിക്കുകയാണ്. ഭരണഘടനയുടെ 21-ാംവകുപ്പ് ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശ(Right of Life)ത്തിന്റെ സംരക്ഷണത്തിൽ അഭിമാന സംരക്ഷണവും ഉൾപ്പെടുന്നുവെന്ന് കോടതി അസന്ദിഗ്ധമായി പ്രസ്താവിക്കുന്നുണ്ട്.

അത് വിശദീകരിച്ചുകൊണ്ട് വിധിന്യായം പറയുന്നു: നിയമവിധേയമായിട്ടല്ലാതെ ആരും പിടികൂടപ്പെടുകയോ തടവിലാക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന് കോടതിയെ ബോധ്യപ്പെടുത്താൻ ഉത്തരവാദപ്പെട്ടവർക്ക് ബാധ്യതയുണ്ട്. ഒരാളോടും നീ ഇപ്പോൾ ജയിലിൽ പോവുക, നിരപരാധിയെങ്കിൽ പിന്നീട് വിട്ടയക്കാം എന്ന സമീപനം പാടില്ല. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളിലുൾപ്പെട്ട അഭിമാന സംരക്ഷണത്തിനു നേരെയുണ്ടാകുന്ന ഏതു രൂപത്തിലുള്ള അതിക്രമവും ഭരണഘടനാ വിരുദ്ധമായ നടപടിയായിരിക്കും. കോടതിയെ സമീപിച്ചാൽ അസാധുവെന്ന് വിധിക്കപ്പെടാവുന്ന ഏതു നടപടിയും നിയമവിരുദ്ധമായ പ്രവൃത്തിയാണ്. അത്തരം നടപടികൾ നിലവിൽ വരുംമുമ്പ് കോടതി മുഖേന തടയാൻ കഴിയും. പ്രാഥമിക മൗലികാവകാശങ്ങളിൽ പെട്ട ജീവിക്കാനും സ്വാതന്ത്ര്യമനുഭവിക്കാനുമുള്ള അവകാശ(Right of Life and Liberty)ത്തെ അതീവ ഗൗരവത്തോടെ വേണം സമീപിക്കാൻ എന്ന് കോടതി ചൂണ്ടിക്കാണിച്ചു.

അവകാശങ്ങളൊന്നും നിരുപാധികമല്ല. എല്ലാം സോപാധികമാണ്. പൊതുസമാധാനം, രാജ്യരക്ഷ എന്നിങ്ങനെ ഉപാധികൾ പലതുണ്ട്. ഈ ഉപാധികൾ പക്ഷേ മൗലികാവകാശങ്ങളെ ഞെക്കി ഞെരുക്കി ദുർബലമായ മാമൂലുകളാക്കിക്കൂടാ. പോലീസ് അറസ്റ്റുചെയ്ത് തുറുങ്കിലടച്ചവർ കുറ്റം തെളിയിക്കപ്പെട്ടില്ലെങ്കിൽ വിട്ടയക്കപ്പെടുമെന്നത് ശരിയാണ്. അപ്പോഴേക്കും മാനഹാനിയും ദുഷ്കീർത്തിയും മായ്ച്ചുകളയാനാവാത്തവിധം അയാളിൽ മുദ്രിതമായി കഴിഞ്ഞിരിക്കും. അതിനാൽ ഇത്തരം നടപടികളിൽ അങ്ങേയറ്റത്തെ സൂക്ഷ്മത പാലിക്കേണ്ടതാണ്. ജസ്റ്റിസ് കാട്ജൂ തന്റെ വിധിന്യായത്തിൽ 'മാനികൾക്ക് മാനഹാനിയേക്കാൾ വരേണ്യം മൃത്യുവാണ്' എന്നർഥം വരുന്ന ഗീതാ ശ്ലോകവും ഉദ്ധരിക്കുന്നുണ്ട്. പൗരന്റെ അഭിമാനവും സ്വാതന്ത്ര്യവും ഹനിക്കുന്നത് ഭരണഘടനാ വിരുദ്ധമായ നടപടിയാണ്. ഭരണഘടനാ വിരുദ്ധമായ ഒരു നടപടിക്കും നിയമത്തിന്റെ പരിരക്ഷയുണ്ടാവില്ല.

കാരണമില്ലാതെ പിടികൂടപ്പെടുന്നവരുടെ നിയമപരമായ പദവി വ്യക്തമായി നിർണയിക്കുന്നുണ്ട് ഈ വിധി. പക്ഷേ അടിസ്ഥാനപരമായ ഒരു ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. മതിയായ കാരണമില്ലാതെ ആളുകളെ പിടിച്ച് തടവിലിടുന്നത് കോടതി വിരോധിക്കുന്നുണ്ടോ? ബാലിശവും സത്യവിരുദ്ധവുമായ കാരണങ്ങൾ പറഞ്ഞ് പിടികൂടി ജയിലിലടക്കപ്പെട്ട ഏറെ പേർ ഇന്ന് നാടിന്റെ നാനാ ഭാഗങ്ങളിലുമുണ്ട്. ഇങ്ങനെ പിടികൂടപ്പെടുന്നവർക്ക്- ഭീകരതയുടെ പേരിൽ പിടികൂടപ്പെടുന്നവർക്ക് വിശേഷിച്ചും- യാതൊന്നും സംസാരിക്കാനവകാശമില്ല. അറസ്റ്റിനു മുമ്പ് മുന്നറിയിപ്പ് ലഭിക്കുന്നില്ല. പിടികൂടുമ്പോൾ വാറണ്ട് കാണിക്കുന്നില്ല. അവരുടെ കുടുംബത്തിനും ഒരു വിവരവും നൽകുന്നില്ല. ഈ സാഹചര്യത്തിലകപ്പെടുന്ന പൗരൻ എങ്ങനെയാണവന്റെ പൗരാവകാശങ്ങൾ സംരക്ഷിക്കുക?

അകാരണമായി പിടികൂടി ജയിലിലടക്കപ്പെടുന്നവരുടെ അഭിമാനവും സ്വാതന്ത്ര്യവും ഹനിക്കപ്പെടുക മാത്രമല്ല, ജീവിതം തന്നെ തകർന്നു പോവുകയാണ്. നേരത്തെ ഉണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെടുന്നു. പുതിയ തൊഴിലിന്റെ കവാടങ്ങൾ അവർക്ക് നേരെ കൊട്ടിയടക്കപ്പെടുന്നു. ജീവിതകാലം മുഴുവൻ കുറ്റവാളിയുടെ മുദ്രയും പേറി നടക്കേണ്ടിവരുന്നു. അവരുടെ കുടുംബം പോലും അപമാനിക്കപ്പെടുന്നു. ഈ പരിതസ്ഥിതിയിൽ ബഹുമാനപ്പെട്ട കോടതി, തടവിലാക്കപ്പെടുന്ന നിരപരാധികളുടെ നിയമപരമായ പദവി നിർണയിച്ചാൽ മാത്രം പോരാ; ക്രമസമാധാന- സുരക്ഷാ ഏജൻസികൾ പൗരന്മാരുടെ മൗലികാവകാശങ്ങളിൽ നിസ്സങ്കോചം കടന്നുകയറുന്നത് തടയാൻ പര്യാപ്തമായ നടപടിക്രമം അനുശാസിക്കുക കൂടി ചെയ്യേണ്ടത് അനിവാര്യമാകുന്നു. സർക്കാർ ഏജൻസികൾ ജനങ്ങളുടെ മൗലികാവകാശങ്ങൾ കൈയേറുന്നതിൽ രാഷ്ട്രത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് കോടതി ഒന്നും പറയുന്നില്ല. അത്തരം ഉദ്യോഗസ്ഥർ ശിക്ഷാർഹരാണോ അല്ലേ എന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. ഭരണഘടനാ വിരുദ്ധമായി പ്രവർത്തിക്കുന്നവർ വിചാരണ ചെയ്യപ്പെടാതെ പോകുന്നത് അവരെ കൂടുതൽ നിർഭയമായ അവകാശ ലംഘനങ്ങൾക്ക് ധൃഷ്ടരാക്കും. ജനങ്ങളുടെ അഭിമാനവും സ്വാതന്ത്ര്യവും നീതിയും സമാധാനവും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളാണ് പോലീസും പട്ടാളവുമൊക്കെ. അവർതന്നെ ആ മൂല്യങ്ങളെ നിരാകരിച്ചുകൊണ്ട് പ്രവർത്തിച്ചാൽ ഫലം അരാജകത്വമായിരിക്കും. ■